**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.12.** **08.06.2015 ൽ മറുപടിയ്ക്ക്.**

## മോട്ടോർ വാഹനങ്ങളിലെ ഹോണിന്റെ ശബ്ദപരിധി

| ചോദ്യം<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>,, എം.ഉമ്മർ<br>,, സി.മമ്മൂട്ടി<br>,, എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹനങ്ങളിലെ ഹോണിന്റെ ശബ്ദപരിധി പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ; | (എ) | ഹോണിന്റെ ശബ്ദപരിധി ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾ പരിശോധിക്കുന്നതിനായി 18 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ കീഴിൽ ഓരോ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിൽ വരുത്തുന്നതിന് നാല് മേഖലകളിൽ ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ വീതം പ്രവർത്തിക്കുന്നുണ്ട്. മേൽ പറഞ്ഞത് കൂടാതെ ഓരോ മേഖലാതല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കീഴിൽ ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിലും ഒരു സ്ക്വാഡ് പ്രവർത്തിക്കുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ശബ്ദപരിധി ലംഘിക്കുന്ന വാഹനങ്ങളെ ക്കുറിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതി സ്വീകരിച്ച്, ആ വാഹനത്തിലെ ഹോണിന്റെ ശബ്ദപരിധി പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്ന തിനും പരാതിക്കാരന് സമയ ബന്ധിതമായ മറുപടി നൽകുന്ന തിനുമുള്ള സംവിധാനം ഓരോ ജില്ലയിലും മോട്ടോർ വാഹനവകുപ്പിനു കീഴിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | പൊതുജനങ്ങൾ നൽകുന്ന പരാതി സ്വീകരിച്ച് വാഹനത്തിന്റെ ഹോണിന്റെ പരിധി പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനായി ഓരോ ജില്ലയിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസും, അതിനു കീഴിലായി വിവിധ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളിലെല്ലാം പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കു ന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ബദൽ സംവിധാനം ആവശ്യമുള്ളതായി കരുതുന്നില്ല. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുവാനായി ഹാജരാക്കുന്ന സമയത്തും സാധാരണ വാഹന പരിശോധന സമയത്തും അമിത ശബ്ദമുണ്ടാക്കുന്ന ഹോൺ ഘടിപ്പിച്ചിരിക്കുന്ന വാഹനങ്ങളിൽ നിന്നും അവ നീക്കം ചെയ്യാറുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.